# വോട്ടെണ്ണൽ ദിനത്തിൽ നിയന്ത്രണങ്ങൾ കർശനമായി നടപ്പിലാക്കും

കോവിഡ് വ്യാപനം അതിരൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ വോട്ടെണ്ണൽ ദിനത്തിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ ജില്ലയിൽ കർശനമായി നടപ്പിലാക്കുമെന്ന് എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി കെ,കാർത്തിക് അറിയിച്ചു. ഗവ:ബോയ്സ് ഹയർ സെക്കൻററി സ്കൂൾ പെരുമ്പാവൂർ, യു.സി കോളേജ് ആലുവ, ശ്രീനാരായണ ഹൈസ്ക്കൂൾ നോർത്ത് പറവൂർ, ഗവ:ബോയ്സ് ഹയർ സെക്കൻററി സ്ക്കൂൾ നോർത്ത് പറവൂർ, ആശ്രമം ഹയർ സെക്കൻററി സ്കൂൾ പെരുമ്പാവൂർ, നിർമല പബ്ലിക് സ്കൂൾ മൂവാറ്റുപുഴ, നിർമല ഹയർ സെക്കൻററി സ്ക്കൂൾ മൂവാറ്റുപുഴ, എം.എ കോളേജ് കോതമംഗലം എന്നിവിടങ്ങളാണ് എറണാകുളം റൂറൽ ജില്ലയിലെ വോട്ടെണ്ണൽ കേന്ദ്രങ്ങൾ. നിലവിൽ എസ്.പിയുടെ നേതൃത്വത്തിൽ കേന്ദ്ര സേന ഉൾപ്പടെ 325 ഉദ്യോഗസ്ഥർ വോട്ടെണ്ണൽ കേന്ദ്രത്തിന്റെ സുരക്ഷ ചുമതല നിർവ്വഹിച്ചു വരികയാണ്. മെയ് 2ന് ആണ് വോട്ടെണ്ണൽ നടക്കുന്നത്. റൂറൽ ജില്ലയിൽ 1700 ൽപരം പോലീസ് ഉദ്യോഗസ്ഥരും, കേന്ദ്ര സേനാംഗങ്ങളുമാണ് അഞ്ച് സബ് ഡിവിഷനുകളിലായി ക്രമസമാധാന പാലനത്തിനായി ഉണ്ടാവുക. ഡി.വൈ.എസ്.പി മാർക്കാവും വോട്ടെണ്ണൽ കേന്ദ്രങ്ങളുടെ സുരക്ഷാ മേൽനോട്ട ചുമതല. അന്നേ ദിവസം ഇവിടങ്ങളിലെ പ്രവർത്തനങ്ങൾ വീഡിയോ ക്യാമറകളിൽ പകർത്തും. ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യത ഉള്ള സ്ഥലങ്ങളിൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ്മാരുടെ സാന്നിധ്യം ഉറപ്പാക്കും. അന്നേ ദിവസം ഇലക്ഷൻ ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥർ, സ്ഥാനാർത്ഥികൾ, കൗണ്ടിംഗ് ഏജന്റുമാർ, മാധ്യമ പ്രതിനിധികൾ, എന്നിവരെ മാത്രമേ കൗണ്ടിംഗ് കേന്ദ്രങ്ങളിൽ പ്രവേശിക്കാൻ അനുവദിക്കുകയുള്ളൂ. ഇവർ നിർബന്ധമായും രണ്ട് ഡോസ് വാക്സിനേഷൻ പൂർത്തികരിച്ച സർട്ടിഫിക്കറ്റോ, ആർ.റ്റി.പി.സി.ആർ/റാപ്പിഡ് ആൻറിജൻ ടെസ്റ്റ് നെഗറ്റീവ് എന്ന് തെളിയിക്കുന്ന റിപ്പോർട്ടോ ഹാജരാക്കണം. ആഹ്ലാദ പ്രകടനങ്ങളോ മറ്റ് കൂട്ടം കൂടലുകളോ അനുവദിക്കില്ല. നിയന്ത്രണങ്ങൾ ലംഘിക്കുന്നവർക്കെതിരെ കേരള എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ് 2020, ദുരന്തനിവാരണ നിയമം, ഐ പി സി എന്നിവ പ്രകാരം നിയമ നടപടികൾ സ്വീകരിക്കാൻ എസ്.എച്ച്.ഒ മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ പോലീസ് മേധാവിയുടെ നിർദ്ദേശപ്രകാരം വോട്ടെണ്ണൽ ദിനത്തിൽ പാലിക്കേണ്ട നിയന്ത്രണങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി രാഷ്ട്രീയ കക്ഷി പ്രതിനിധികളുമായി ജില്ലയിലെ എല്ലാ സബ്ബ് ഡിവിഷണൽ ഓഫീസർമാരും എസ്.എച്ച്.ഒ മാരും ഓൺലൈൻ മീറ്റിംഗ് നടത്തികൊണ്ടിരിക്കുകയാണ്.